LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) രാഷ്ട്രീയ നേതാക്കളുടെ സ്വത്തുവിവരം നൽകണമെന്നാവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ ആർക്കും നോട്ടീസ് നൽകിയിട്ടില്ല.

(സി) രാഷ്ട്രീയ നേതാക്കളുടെയും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും അനധികൃത സ്വത്തുസമ്പാദനം സംബന്ധിച്ച പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി ആവശ്യമെങ്കിൽ സ്വത്തുവിവരങ്ങൾ ശേഖരിക്കാറുണ്ട്.

**വിജിലൻസ് ഡി.ജി.പി.**

208 (231) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡി.ജി.പി.-യായി പ്രവർത്തിച്ചുവരുന്ന ഡോ. ജേക്കബ് തോമസിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 6-1-2016-നോ അതിനുശേഷമോ ചീഫ് സെക്രട്ടറിക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്ന് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഇതിന്മേൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് തീയതിക്കാണ് ചീഫ് സെക്രട്ടറി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചത്; അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ:

(ഡി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കേണ്ട ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഡി.ജി.പി.-യായി നിയമിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(എഫ്) പോർട്ട് ഡയറക്ടറായിരിക്കെ ഡോ. ജേക്കബ് തോമസിനെതിരായ അഴിമതി ആരോപണം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണത്തെത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

(സി-ഇ) ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇക്കാര്യം വിശദമാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകിയിട്ടുമുണ്ട്. ചട്ടപ്രകാരമാണ് ടിയാനെ വിജിലൻസ് ഡി.ജി.പി.-യായി നിയമിച്ചത്.

(എഫ്) ധനകാര്യ പരിശോധനാവിഭാഗം തുറമുഖ ഡയറക്ടറേറ്റിൽ 2014, 2015 വർഷങ്ങളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് തുറമുഖ വകുപ്പിന്റെ പരിഗണനയിലാണ്.

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് തുറമുഖ വകുപ്പ് പരിശോധിച്ചു വരികയാണ്.

**വിജിലൻസ് കേസുകൾ**

209 (232) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെ എത്ര കേസുകളിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസുകളിൽ അന്തിമ കുറ്റപത്രം സമർപ്പിച്ചത് എത്ര കേസുകളിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാലയളവിൽ വിജിലൻസ് ഡയറക്ടറുടെ കീഴിൽ അന്വേഷിച്ചു വരുന്ന കേസുകളിൽ കുറ്റപത്രം സമർപ്പിക്കാനുള്ളവ എത്രയെണ്ണമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെ 234 കേസുകളിൽ വിജിലൻസ് പ്രഥമ വിവര പട്ടിക രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ പ്രഥമ വിവര പട്ടിക രജിസ്റ്റർ ചെയ്ത കേസുകളിൽ അന്തിമ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസുകൾ എല്ലാം അന്വേഷണഘട്ടത്തിലാണ്.

(സി) ഇക്കാലയളവിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്ന കേസുകളിൽ 234 കേസുകളിലും കുറ്റപത്രം സമർപ്പിക്കാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.